**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **01-02-2023 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര മാഹി കനാലിന്റെ വിവിധ റീച്ചുകളിലെ സ്ഥലം ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വടകര – മാഹി കനാൽ നിർമ്മാണത്തിന്റെ ഭാഗമായി 8 പ്രവൃത്തികൾക്കാണ് സ്ഥലം ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ 5 പ്രവൃത്തികളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ശേഷിച്ചതിൽ മൂഴിക്കൽ പാലം നിർമ്മാണ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരതുക വിതരണം നടന്നു കൊണ്ടിരിക്കുന്നു. ബാക്കിയുള്ള (റീച്ച്-1, റീച്ച്-5) വികസന പ്രവൃത്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരതുക 20/01/2023-ലെ സ.ഉ.(കൈ.) 01/23/ സി.എസ്.ഐ.എൻ. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരമാണ് :<br><br>അർത്ഥന അധികാരി (dept) അലൈൻമെന്റ് പ്രൊപ്പോസൽ സമർപ്പിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നു.<br><br>6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം ഡിപ്പാർട്ട്മെന്റ് അതിർത്തി കല്ലുകൾ സ്ഥാപിച്ച് സ്കെച്ച് LA അധികൃതർക്ക് സമർപ്പിക്കുകയും, LA അധികൃതർ സ്ഥലപരിശോധനയും സർവേയും നടത്തുകയും 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>സ്വതന്ത്ര ഏജൻസി മുഖേന സാമൂഹ്യാഘാത പഠനം നടത്തുകയും ടി റിപ്പോർട്ട് വിദഗ്ദ സമിതി പരിശോധിച്ചു ശിപാർശ ചെയ്യുകയും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | LA അധികൃതർ സ്ഥലത്തിന്റെ വില നിർണ്ണയം നടത്തി ആവശ്യകത അനുസരിച്ച് സർക്കാർ ഫണ്ട് അനുവദിക്കുകയും 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>LA അധികൃതർ നഷ്ടപരിഹാര വിതരണ നടപടികൾ പൂർത്തിയാക്കി ഏറ്റെടുത്ത സ്ഥലം വകുപ്പിന് കൈമാറുന്നു. |
| (സി) | പ്രസ്തുത കനാലിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റീച്ച് തിരിച്ച് വിശദമാക്കാമോ; | (സി) | പ്രസ്തുത കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി നടന്നു വരുന്നു.<br><br>**<u>റീച്ച് 1 (4 കി.മീ)</u>**<br><br>കനാൽ ഭാഗികമായി നിർമ്മിച്ചു. പൂർണ്ണതോതിലുള്ള വികസനത്തിനായി 21.80 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് 31/12/2022-ലെ സ.ഉ.(കൈ.) 6/22/സി.എസ്.ഐ.എൻ.ഡി. പ്രകാരം 21.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>റീച്ച് 2 (3.30കി. മീ)</u>**<br><br>കനാൽ നിർമ്മാണം പൂർത്തിയായി.<br><br>**<u>റീച്ച് 3 (3.24 കി.മീ)</u>**<br><br>ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീ. ഭാഗത്ത് പ്രത്യേക സംരക്ഷണ പ്രവൃത്തികളുള്ള 161 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിയ്ക്ക് ലഭ്യമാക്കിയിരുന്നെങ്കിലും LBS തയ്യാറാക്കിയ ഡിസൈന്റെ പ്രായോഗികതയും, സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് കൂടുതൽ പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈന്റെ സാധ്യതയും പരിശോധിച്ച് വരുന്നു.<br><br>**<u>റീച്ച് 4 (3.59 കി.മീ)</u>**<br><br>ഇതിൽ 2.60 കി.മീ. നിർമ്മാണം പൂർത്തിയായി. ഈ പ്രവൃത്തി സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്.<br><br>**<u>റീച്ച് 5 (3.48 കി.മീ)</u>**<br><br>പ്രവൃത്തി പുരോഗമിക്കുന്നു. 2.50 കി.മീ. പൂർത്തിയായി. |
| (ഡി) | 2025 വർഷത്തിനകം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) | 2025 വർഷത്തിനകം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ലഭിച്ച ഒന്നാംറീച്ചിന്റെ വിപുലീകരണ പ്രവൃത്തിയും ഈ വർഷംതന്നെ നടപ്പിലാക്കുന്നതാണ്. ഭരണാനുമതി ലഭിക്കാനുള്ള മൂന്നാം റീച്ചിന്റെ ബാക്കി പ്രവൃത്തി കോട്ടപ്പള്ളി, കളിയാംവള്ളി പാലങ്ങൾ എന്നിവ താമസിപ്പിക്കാതെ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ